# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3048**

**21.08.2017 - ൽ മറുപടിയ്ക്ക്**

## കാർഷിക സർവകലാശാലയിലെ അനധ്യാപക നിയമനങ്ങൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** കാർഷിക സർവകലാശാലയിലെ അനധ്യാപക നിയമനങ്ങൾ എല്ലാം പബ്ലിക് സർവീസ് കമ്മീഷനെ അധികാരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലെ നിയമനമാണ് ഇതുവരെയായി നടന്നിട്ടുള്ളത്; | **എ)** കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമാണ്. അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലെ നിയമനമാണ് ഇതുവരെയായി നടന്നിട്ടുള്ളത് |
| **ബി)** നിയമനങ്ങൾ നടക്കാത്ത തസ്തികകൾ ഏതൊക്കെയാണ്; ഈ തസ്തികകളിൽ നിയമനം നടത്തുന്നതിലെ തടസ്സം എന്താണെന്ന വ്യക്തമാക്കാമോ; | **ബി)** അനദ്ധ്യാപക തസ്തികകളിലെ, നിയമനങ്ങൾ നടക്കാത്ത തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് ഒഴികെയുള്ള മറ്റ് അനദ്ധ്യാപക തസ്തികകളിലേക്ക് കെ.പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നതിന് ടി തസ്തികകളുടെ നിയമന രീതി, യോഗ്യത തുടങ്ങിയവ നിശ്ചയിച്ച് കൊണ്ടുള്ള സ്പെഷ്യൽ റൂൾ / എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| **സി)** കാർഷിക സർവകലാശാലയിലെ ഫാമുകളിൽ സ്ഥിരം ജീവനക്കാരില്ലാത്തത് ഫാമുകളിലെ പ്രവർത്തനങ്ങളെയും അവിടെ നടന്നു വരുന്ന ഗവേഷണങ്ങളുടെ കൃത്യതയെയും ദോഷകരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | **സി)** കാർഷിക സർവകലാശാലയിലെ ഫാമുകളിൽ സ്ഥിരം ജീവനക്കാരില്ലാത്തത് ഫാമുകളിലെ പ്രവർത്തനങ്ങളെയും ഗവേഷണങ്ങളുടെ കൃത്യതയെയും ബാധിക്കുന്നുണ്ടെന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| **ഡി)** സർവകലാശാല ഫാമുകളെ പ്രദർശന ഫാമുകളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ? | **ഡി)** കാർഷിക സർവ്വകലാശാലയുടെ ഫാമുകളിൽ ഗവേഷണവും നടന്നുവരുന്നു. ഇതിന്റെ ഫലങ്ങൾ കർഷകരിലേക്കെത്തിക്കേണ്ടതുകൊണ്ട് ഫാമുകളെ പ്രദർശന ഫാമുകൾ മാത്രമാക്കി മാറ്റാൻ ഉദ്ദേശിക്കുന്നില്ല. നിലവിൽ കർഷകർക്ക് കാർഷിക സർവ്വകലാശാലയുടെ ഫാമുകൾ സന്ദർശിച്ച് സർവ്വകലാശാല വികസിപ്പിച്ചെടുത്ത / ഉരുത്തിരിച്ചെടുക്കുന്ന സാങ്കേതിക വിദ്യകൾ മനസ്സിലാക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തേണ്ട തസ്തികകൾ |
|---|---|
| 1 | ആർട്ടിസ്റ്റ് |
| 2 | അസി.എഞ്ചിനീയർ (മെക്കാനിക്കൽ) |
| 3 | അസി.എഞ്ചിനീയർ (സിവിൽ) |
| 4 | അസി.എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 5 | അസി.എഞ്ചിനീയർ(ഇൻസ്ട്രുമെന്റേഷൻ) |
| 6 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 7 | അസി. ലൈബ്രേറിയൻ (3:1) |
| 8 | ആയ |
| 9 | ബൈൻഡർ |
| 10 | ബോട്ട് ഡ്രൈവർ |
| 11 | ക്ലാസ്സ് IV / പ്യൂൺ |
| 12 | കമ്പോസിറ്റർ |
| 13 | കമ്പ്യൂട്ടർ (പ്രസ്സ്) |
| 14 | കുക്ക് കം കെയർ ടേക്കർ |
| 15 | ഡാറ്റ എൻട്രി ഓപ്പറേറ്റർ |
| 16 | ഡ്രൈവർ (എൽ.ഡി.വി) |
| 17 | ഫാം അസി.(വെറ്റി)/ എഫ് എസ് ഗ്രേഡ് II, ഗ്രേഡ് I |
| 18 | ഫാം ഓഫീസർ (അഗ്രി)/ ഫാം മാനേജർ ഗ്രേഡ് II |
| 19 | ജനറൽ ഫോർമാൻ |
| 20 | ഹെഡ് മാസ്റ്റർ |
| 21 | ഹെൽപ്പർ |
| 22 | ഹൈസ്കൂൾ അസിസ്റ്റന്റ് |
| 23 | ഹോസ്റ്റൽ മാനേജർ |
| 24 | ജൂനിയർ ഫോർമാൻ |
| 25 | ജൂനിയർ പ്രോഗ്രാമർ |
| 26 | ലൈബ്രറി അസി./ടെക്നിക്കൽ അസി./റെഫ്.അസിസ്റ്റന്റ് |
| 27 | ലൈൻമാൻ |
| 28 | ലൈബ്രേറിയൻ |
| 29 | എൽ. പി സ്കൂൾ അസിസ്റ്റന്റ് |
| 30 | മേട്രൻ |
| 31 | നഴ്സറി സ്കൂൾ അസിസ്റ്റന്റ് |
| 32 | ഓവർസിയർ |
| 33 | ഫോട്ടോഗ്രാഫർ |
| 34 | പ്രസ്സ് മാനേജർ |
| 35 | പ്രിന്റർ |
| 36 | പ്രൂഫ് റീഡർ |
| 37 | സ്പെഷലിസ്റ്റ് ടീച്ചർ |
| 38 | സ്രാങ്ക് |
| 39 | സിസ്റ്റംസ് മാനേജർ |
| 40 | ടെക്നിക്കൽ അസിസ്റ്റന്റ് |
| 41 | ടെക്നീഷ്യൻ |
| 42 | ട്രാക്ടർ ഡ്രൈവർ |
| 43 | ട്രേഡ് അസിസ്റ്റന്റ് |
| 44 | ട്രെയിനിംഗ് / ടെക്നിക്കൽ അസിസ്റ്റന്റ് |
| 45 | യു പി സ്കൂൾ അസിസ്റ്റന്റ് |

സെക്ഷൻ ഓഫീസർ